**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 6503** **10-07-2024 - ൽ മറുപടിയ്ക്ക്**

**ഭൂരഹിതർക്ക് പുറമ്പോക്ക് ഭൂമി ലഭ്യമാക്കാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ ജി സ്റ്റീഫൻ | | ശ്രീ ഒ . ആർ. കേളു<br>(പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി) | |
| (എ) | ഭൂരഹിതരായ പട്ടികജാതി പട്ടികവർഗ്ഗ വിഭാഗക്കാർക്ക് വീട് നിർമ്മിക്കുന്നതിനായി ഉപയുക്തമായ പുറമ്പോക്ക്/ തരിശു ഭൂമി ലഭ്യമാക്കുന്നതിന് ബന്ധപ്പെട്ട വകുപ്പുകളുമായി ആലോചിച്ച് നടപടി സ്വീകരിക്കുമോ? | (എ) | **പട്ടികജാതി**<br><br>പട്ടികജാതിക്കാരായ ഭൂരഹിത ഭവനരഹിത കുടുംബങ്ങളുടെ പുനരധിവാസം ലൈഫ് മിഷൻ മുഖേനയാണ് നിലവിൽ നടപ്പിലാക്കി വരുന്നത്. ലൈഫ് ഗുണഭോക്തൃ പട്ടികയിൽ ഉൾപ്പെട്ടിട്ടുള്ള ഭൂരഹിതരായ പട്ടികജാതി വിഭാഗത്തിൽപ്പെട്ടവർക്ക് വീട് നിർമ്മിക്കുന്നതിനായി പുറമ്പോക്ക് ഭൂമി ഉൾപ്പെടെ ലഭ്യമാകുന്ന ഭൂമി ഉപയുക്തമാക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, പട്ടികജാതി വികസന വകുപ്പ് എന്നിവ മുഖേന ലൈഫ് ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ള ഭൂരഹിതരായ പട്ടികജാതി വിഭാഗത്തിന് ഭൂമി ലഭ്യമാക്കുന്നുണ്ട്. കൂടാതെ "മനസ്സോടിത്തിരി മണ്ണ്" ക്യാമ്പയിന്റെ ഭാഗമായി ലഭിക്കുന്ന ഭൂമിയും അനുവദിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. ഇപ്രകാരം ഭൂമി ലഭ്യമാക്കുന്നവർക്ക് ലൈഫ് ഭവനപദ്ധതിയുടെ ഭാഗമായി ഭവനനിർമ്മാണ ധനസഹായം അനുവദിക്കുന്നതിനുള്ള നടപടി ലൈഫ് മിഷൻ, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ മുഖേന സ്വീകരിക്കുന്നു.<br><br>**പട്ടികവർഗ്ഗം**<br><br>ആദിവാസി പുനരധിവാസ വികസന മിഷൻ മുഖേന ലാന്റ് ബാങ്ക് പദ്ധതി, നിക്ഷിപ്ത വനഭൂമി വിതരണം, റവന്യൂ ഭൂമി വിതരണം എന്നീ പദ്ധതികളിലൂടെ ഭൂമി ലഭ്യമാക്കുന്ന ഭൂരഹിത ഭവനരഹിതരായ പട്ടികവർഗ്ഗ കുടുംബങ്ങൾക്ക് മിഷൻ മുഖേനതന്നെ വീട് അനുവദിക്കുന്നു. കൂടാതെ വനാവകാശ നിയമ പ്രകാരം കൈവശഭൂമിക്ക് വ്യക്തിഗത അവകാശവും പട്ടികവർഗ്ഗക്കാർക്ക് നൽകുന്നു.<br><br>ആദിവാസി പുനരധിവാസ വികസന മിഷൻ മുഖേന ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം |

| | | | |
|---|---|---|---|
| | | | നാളിതുവരെയായി 3717 പട്ടികവർഗ്ഗക്കാർക്ക് 4247.42 ഏക്കർ ഭൂമി വിതരണം ചെയ്തിട്ടുണ്ട്.<br><br>മാത്രമല്ല, ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ആദിവാസി പുനരധിവാസ വികസന മിഷൻ മുഖേന നാളിതുവരെയായി 296 പട്ടികവർഗ്ഗ കുടുംബങ്ങൾക്ക് പുതുതായി വീട് അനുവദിക്കുകയും മുൻകാലങ്ങളിൽ അനുവദിച്ചവ ഉൾപ്പെടെ 742 വീടുകൾ പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ